**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3232** **08-10-2025 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് ഇടുക്കി സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ നമ്പർ 1 കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ നിര്യാതനായ മീരാൻ പി. ടി. യുടെ മകൾ കുമാരി ബിസ്മി ടി. എം. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എന്ന് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (എ) | കുമാരി.ബിസ്മി.റ്റി.എം.-ന് പൊതുമരാമത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ, ഒരു വർഷമുണ്ടാകുന്ന ഒഴിവുകളുടെ 5%-ത്തിൽ നിജപ്പെടുത്തി ആശ്രിതനിയമനം നൽകുന്നതിന് 25.02.2020-ലെ സ.ഉ.(കെ)നം. 74/2020/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഏതു ജില്ലയിലേയ്ക്കും ഏതു വകുപ്പിലേയ്ക്കും ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിന് അപേക്ഷക സമ്മതപത്രം സമർപ്പിച്ചതിനെ തുടർന്ന്, നടപടികൾ സ്വീകരിക്കുന്നതിനായി, പ്രൊഫോർമ പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പിലേയ്ക്ക് A2/212/2023/ പൊ.മ.വ തീയതി 23/02/2024 പ്രകാരം കൈമാറിനൽകിയിരുന്നു. പ്രസ്തുത വകുപ്പിലെ നിലവിലുള്ള എൽ.ഡി ക്ലാർക്ക് തസ്തികയുടെ ആശ്രിത നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽ കുമാരി ബിസ്മി.ടി.എം. 12.12.2023 വാലിഡ് ആപ്ലിക്കേഷൻ തീയതി ആയി നിലവിൽ 716-മതായാണ് ഉള്ളത്. കൂടാതെ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം നൽകിയവരിൽ 100-ൽ അധികം പേരുടെ റഗുലറൈസേഷൻ ഇനിയും പൂർത്തിയാകാൻ ഉണ്ട്. വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സീനയോറിറ്റി ക്രമത്തിൽ മാത്രമേ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ നിന്നും നിയമനം നല്കുവാൻ സാധിയ്ക്കുകയുള്ളൂ എന്നതിനാൽ കുമാരി.ബിസ്മി.ടി.എം.-ന് ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കാനെടുക്കുന്ന കാലപരിധി മുൻകൂട്ടി പറയുവാൻ സാധിയ്ക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ